കേരള സർക്കാർ
സംഗ്രഹം

വനം വകുപ്പ് - അമല ക്യാൻസർ ഹോസ്പിറ്റൽ ആന്റ് റിസർച്ച് സെന്ററിന് കെട്ടിടം നിർമ്മിക്കുന്ന ആവശ്യത്തിലേക്കായി തടി വിൽക്കാൻ അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം, വന്യജീവി (ഡി) വകുപ്പ്

സർക്കാർ ഉത്തരവ് (സാധാരണ) നംപർ 235/90/വനം. തിരുവനന്തപുരം, തീയതി, 22-5-1990.

---

പരാമർശം:- 1. 25-10-1977-ലെ സർക്കാർ ഉത്തരവ് (സാധാരണ) 3033/77/എ.ഡി.
2. 8-9-89, 31-3-90 എന്നീ തീയതികളിൽ അമല ക്യാൻസർ ഹോസ്പിറ്റൽ ആന്റ് റിസർച്ച് സെന്റർ വനം വകുപ്പു മന്തിക്ക് സമർപ്പിച്ച ഹർജി.
3. ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 27-9-89, 5-4-90 എന്നീ തീയതികളിലെ എഫ്.യൂ (1) 42509/89 നംപർ കത്തുകൾ.

**ഉത്തരവ്**

പരാമർശം ഒന്നിലെ ഉത്തരവനുസരിച്ച് തൃശ്ശൂരിലെ തമല ക്യാൻസർ ഹോസ്പിറ്റൽ ആന്റ് റിസർച്ച് സെന്ററിന് 81 ക്യൂ. മീറ്റർ തംപകം/വേങ്ങ തടിയും 38 ക്യൂ. മീറ്റർ തേക്കു തടിയും സീനിയറേജ് റേറ്റ് ഈടാക്കി നൽകാൻ ഉത്തരവായിരുന്നു. ആശുപത്രി കെട്ടിടത്തിന്റെരണ്ടാം ഘട്ടത്തിന്റെ നിർമ്മാണത്തിന് 32.249 ക്യൂ. മീറ്റർ തംപകം/വേങ്ങ തുടങ്ങിയ തടികളും, 29.139 ക്യൂ. മീറ്റർ തേക്കു തടിയും സീനിയറേജ് നിരക്കിൽ അനുവദിക്കണമെന്ന് പരാമർശം രണ്ടിലെ നിവേദനത്തിൽ ഹോസ്പിറ്റൽ ഡയറക്ടർ ആവശ്യപ്പെട്ടു.

2. ആതുര ശ്രുശ്രുഷ രംഗത്തു പ്രവർത്തിച്ചുവരുന്ന ഒരു ധർമ്മ സ്ഥാപനം എന്നതു കണക്കിലെടുത്ത് അമല ക്യാൻസർ ഹോസ്പിറ്റൽ ആന്റ് റിസർച്ച് സെന്ററിന് 29.139 ക്യൂ. മീറ്റർ തേക്കും 32.249 ക്യൂ. മീറ്റർ തംപകം, വേങ്ങ തുടങ്ങിയ തടികളും സീനിയറേജ് റേറ്റും , വർക്കിംഗ് ചാർജ്ജും മറ്റും നികുതികളും ഉൾപ്പെടെയുള്ള വില ഈടാക്കി, താഴെപറയുന്ന വ്യവസ്ഥകൾക്കു വിധേയമാക്കി, ലഭ്യത അനുസരിച്ചു നൽകാൻ ഇതിനാൽ ഉത്തരവു പുറപ്പെടുവിക്കുന്നു.

(1) ടി തടികൾ തവണകളായി നൽകാവുന്നതാണ്. ഒരിക്കൽ നൽകുന്ന തടികൾ യഥാർത്ഥ ആവശ്യത്തിതന്നെയാണോ ഉപയോഗിച്ചതെന്ന് തൃശ്ശൂർ പി. ഡബ്ളിയൂ .ഡി. ബിൽഡിംഗ് എക്സി. എഞ്ചിനീയറുടെ സർട്ടിഫിക്കറ്റ് ഹാജരാക്കിയശേഷം അടുത്ത തവണ അനുവദിക്കാവുന്നതാണ്.

(2) വനം വകുപ്പിൽ നിന്നും അനുവദിക്കുന്ന തടിക്ക് പ്രത്യോകം രജിസ്റ്റർ സൂക്ഷിക്കേണ്ടതും തടിയുടെ കണക്കും മറ്റും പ്രസ്തുത രജിസ്റ്ററിൽ രേഖപ്പെടുത്തുകയും വനം വകുപ്പ് ഉദ്യോഗസ്ഥൻമാരുടെ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

(3) തടിയുടെ വില അടയ്ക്കുവാനും തടി നീക്കം ചെയ്യുവാനും ഇൻവയ്സ് തീയതിമുതൽ 30 ദിവസം കാലാവധി അനുവദിക്കുന്നതും പ്രസ്തുത തീയതിക്ക് ബിൽ പണമൊടുക്കി നീക്കം ചെയ്യാതിരുന്നാൽ ടി സ്ഥാപനത്തിന്റെ നഷ്ടോത്തരവാദിത്വത്തിൽ തടി ലേലം (4)ചെയ്യുന്നതുമാണ്.

(4) ഒരുതവണ 25 ക്യൂ മീറ്ററിൽ കൂടുതൽ തടി അനുവദിക്കുന്നതല്ല.

(5) പണി പുരോഗമിക്കുന്ന സമയത്ത്തടിസംബനധിച്ച് വസ്തുതകൾ പരിശോധിക്കാൻ ഡിവിഷണൽ ഫോറസ്റ്റ് ആഫീർക്ക് അധികാരമുള്ളതും നൽകിയ തടി ദുരുപയോഗം ചെയ്യുന്നതായി ബോദ്ധ്യപ്പെടാൻ ബാക്കി തടി നൽകാതിരിക്കുകയും ചെയ്യാവുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
ഒപ്പ്,
പി. അപ്പുകുട്ടൻ നംപ്യാർ,
അഡീഷണൽ സെക്രട്ടറി.

ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ, തിരുവനന്തപുരം.

<u>മേലെ:എഫ് യു-42509/89.</u>

ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ ഓഫിസ്,
തിരുവനന്തപുരം, തീയതി: 19-6-1990.

പകർപ്പ് ഡിവിഷണൽ ഫോറസ്റ്റ് ആഫീസർ, തൃശ്ശൂർ, ഡിവിഷണൽ ഫോറസ്റ്റ് ആഫീസർ, ടിംബർ സെയിൽസ് ഡിവിഷൻ പെരുംപാവൂർ എന്നിവർക്ക്. തടി ലഭ്യത അനുസരിച്ച് ടിംബർ സെയിൽ ഡിവിഷൻ നൽകേണ്ടതും അങ്ങനെ നൽകിയ ടിയുടെ വിവരം ഉടൻ ഡിവിഷണൽ ഫോറസ്റ്റ് ആഫീസർ, തൃശ്ശൂരിനെ അിറയിക്കേണ്ടതുമാണ്. ഓരോ 25 ക്യൂബിക് മീറ്ററിനുശേഷവും തൃശ്ശൂർ, ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറിൽ നിന്നും സ്ഥിരീകരണം ലഭിച്ചതിനുശേഷം മാത്രമേ തടിനൽകേണ്ടതുള്ളൂ.

പകർപ്പ്: എക്സിക്യൂട്ടീവ് എൻജിനീയർ, പി.ഡബ്ളിയു.ഡി ബിൽഡിംഗ്സ്, തൃശ്ശൂരിന്
മേൽനടപടികൾക്കായി
പകർപ്പ്: ഫോറസ്റ്റ് കൺസർവേറ്റർ, തൃശ്ശൂരിന്.

ഒപ്പ്,
ചീഫ് ഫോറസ്റ്റ് കൺസർവേറ്റർക്കു വേണ്ടി

അംഗീകാരത്തോടെ,

സൂപ്രണ്ട്.

എസ്. കെ.19.8